**കേരള കാർഷികസർവകലാശാല**
കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം 676 509, മലപ്പുറം (ജില്ല)
ഇ-മെയിൽ :- arsanakkayam@kau.in, ഫോൺ : 0483- 2848050

നം : എ1 – 1851/25 തീയ്യതി : 18/08/2025

## വിജ്ഞാപനം

കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽ റിവോൾവിംഗ് ഫണ്ട് സ്കീമിൽ സ്കിൽഡ് വർക്കറെ താൽക്കാലികമായി 1 വർഷത്തേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നിയോഗിക്കുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർഥികളെ കണ്ടെത്തുന്നതിനായി വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു.

- വിദ്യാഭ്യാസ യോഗ്യത : ബി.എസ്.സി അഗ്രികൾച്ചർ (ഐ.സി.എ.ആർ. അംഗീകൃതം)
- ടിഷ്യുകൾച്ചർ, ബയോകൺട്രോൾ ഏജന്റ്സ്/മഷ്റൂം പ്രൊഡക്ഷൻ തുടങ്ങിയവയിൽ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന.
- ബി.എസ്.സി അഗ്രികൾച്ചർ വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ അഭാവത്തിൽ മുകളിൽ പറഞ്ഞ മേഖലകളിൽ പ്രവൃത്തി പരിചയമുള്ള കേരള കാർഷിക സർവകലാശാലയിൽ നിന്നും കൃഷി ശാസ്ത്രത്തിൽ ഡിപ്ലോമയുള്ളവരെ പരിഗണിക്കുന്നതാണ്.
- പ്രായം : 18–36 (01.01.2025 അടിസ്ഥാനമാക്കിയാണ് പ്രായം കണക്കാക്കുന്നത്
  പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കും മറ്റ് പിന്നോക്ക വിഭാഗക്കാർക്കും
  നിയമാനുസൃതമായ വയസ്സിളവ് ഉണ്ടായിരിക്കുന്നതാണ്.)

താല്പര്യമുള്ളവർ വിദ്യാഭ്യാസ യോഗ്യത, വയസ്സ്, പ്രവൃത്തി പരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളും അതിന്റെ പകർപ്പും സഹിതം **30.08.2025** തീയ്യതി രാവിലെ **10** മണിക്ക് ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണമെന്ന് താല്പര്യപ്പെടുന്നു.

കൂടുതൽ അപേക്ഷകർ ഉണ്ടെങ്കിൽ അഭിമുഖത്തിനു മുൻപായി എഴുത്തു പരീക്ഷ ഉണ്ടായിരിക്കുന്നതാണ്. എഴുത്തു പരീക്ഷയിൽ നിശ്ചിത മാർക്ക് ലഭിക്കുന്നവരെ മാത്രമായിരിക്കും അഭിമുഖത്തിൽ പങ്കെടുപ്പിക്കുക. ഇന്റർവ്യൂന് മുൻപായി ഉദ്യോഗാർഥികളുടെ സർട്ടിഫിക്കറ്റുകൾ പരിശോധിക്കുന്നതാണ്. വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതയുള്ളവരെ മാത്രമേ ടെസ്റ്റ്/ഇന്റർവ്യൂവിൽ പങ്കെടുക്കാൻ അനുവദിക്കുകയുള്ളൂ.

നിയമനം ലഭിക്കുന്നവർക്ക് വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന വേതനമല്ലാതെ കേരള കാർഷിക സർവകലാശാലയിലെ മറ്റ് യാതൊരു സേവനാനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല. വിശദവിവരങ്ങൾക്ക് 04832848050 എന്ന നമ്പറിൽ ബന്ധപ്പെടുക.

(ഒപ്പ്)
ഡോ. മുസ്തഫ കുന്നത്താടി
പ്രൊഫസർ & ഹെഡ്

പകർപ്പ് : നോട്ടീസ് ബോർഡ് (ഫാം/ഓഫീസ്)
സ്റ്റേറ്റ് സീഡ് ഫാം, ആനക്കയം
കൃഷിഭവൻ ആനക്കയം/കെ.എ.യു വെബ്സൈറ്റ്